# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജൂൺ 21, വ്യാഴം

## നമ്പർ 136

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

മുൻ സാമ്പത്തിക വർഷാവസാനം ട്രഷറി ക്യൂവിലുണ്ടായിരുന്ന ചെക്കുകളുടെ തുകയും സ്പിൽഓവർ വർക്കുകളുടെ ചെലവും നടപ്പുസാമ്പത്തിക വർഷത്തെ ചെലവിൽ ഉൾപ്പെടുത്തിയ തീരുമാനംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടപ്പ് വർഷത്തെ പദ്ധതികൾ സ്തംഭനാവസ്ഥയിലായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ പി. കെ. ബഷീറും മറ്റ് മൂന്നംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ബി.ജെ..പി. ഒഴികെയുള്ള പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ചട്ടം 300 പ്രകാരമുള്ള പ്രസ്താവന:

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ സംബന്ധിച്ച് മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഒരു പ്രസ്താവന നടത്തി.

ശ്രദ്ധ ക്ഷണിക്കൽ:

(1) റബ്ബറിന്റെ വിലത്തകർച്ച നേരിടുന്നതിനായി റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു സഹകരണ സ്ഥാപനം, അമൂൽ മാതൃകയിൽ, കോട്ടയം ആസ്ഥാനമാക്കി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ കെ. സുരേഷ് കുറുപ്പ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന വിഷാദരോഗം നേരിടുന്നതിന് പൊതുസമൂഹത്തെ സഹായിക്കുന്നതിന് ആരോഗ്യവകുപ്പിനെ സജ്ജമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. എസ്. ശബരീനാഥൻ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. സി. ജോസഫ് | കണ്ണൂർ വിമാനത്താവളം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. ഉണ്ണി | കടമ്പഴിപ്പുറം കൊലപാതക കേസിലെ പ്രതികളെ കണ്ടെത്തുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. പി. സജീന്ദ്രൻ | കൊച്ചിൻ റിഫൈനറിയിൽനിന്നുള്ള മലിനീകരണം | മുഖ്യമന്ത്രി |
| 4 | ശ്രീ. എ. എം. ആരിഫ് | മിശ്ര വിവാഹിതരുടെ കുട്ടികൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ഡി. പ്രസേനൻ | തേങ്കുറിശ്ശി 2-ാം വില്ലേജിലെ പട്ടയവിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. ടി. ടൈസൺമാസ്റ്റർ | കയ്പമംഗലം കടൽത്തീരത്ത് താമസിക്കുന്നവരെ മാറ്റി താമസിപ്പിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. മുരളി പെരുനെല്ലി | തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 8 | ശ്രീ. എം. സ്വരാജ് | സ്കൂൾ ബസുകളുടെയും കുട്ടികളെ കൊണ്ടുപോകുന്ന മറ്റു വാഹനങ്ങളുടെയും ഫിറ്റ്നസ് പരിശോധന | ഗതാഗത വകുപ്പുമന്ത്രി |
| 9 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പുല്ലുവഴിയിൽ കെ. എസ്. ആർ. ടി. സി. ദീർഘദൂര ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | കളമശ്ശേരിയിലെ ബിനാനി സിങ്ക് ലിമിറ്റഡ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 11 | ശ്രീ. ഷാഫി പറമ്പിൽ | കാട്ടാനയുടെ ആക്രമണം മൂലമുള്ള മരണം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വച്ചു.

<u>i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:</u>

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 316/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1476/2018/ഹോം.. | 23-5-2018 |
| 2 | 334/2018 | നമ്പർ 133/സി3/2018-I/വിജ് | 23-5-2018 |
| 3 | 335/2018 | നമ്പർ 133/സി3/2018-II/വിജ് | 23-5-2018 |
| 4 | 336/2018 | നമ്പർ 133/സി3/2018-III/വിജ് | 23-5-2018 |
| 5 | 337/2018 | നമ്പർ 133/സി3/2018-IV/വിജ് | 23-5-2018 |
| 6 | 338/2018 | ജി.ഒ.(ആർറ്റി.)നമ്പർ 1357/2018/-ഹോം. | 10-5-2018 |
| 7 | 340/2018 | ജി.ഒ.(പി.) നമ്പർ 10/2018/പി&എആർഡി. | 29-5-2018 |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 343/2018 | നമ്പർ ഹോം-എസ്എസ്എ 4/112/2018-ഹോം | 30-5-2018 |
| 9 | 344/2018 | ജി.ഒ.(എംഎസ്.) നം. 92/2018/-ഹോം | 28-5-2018 |
| 10 | 346/2018 | നമ്പർ ഹോം-എസ്എസ്എ 1/138/2018-ഹോം | 31-5-2018 |
| 11 | 347/2018 | നമ്പർ ഹോം-എസ്എസ്എ 1/141/2018-ഹോം | 31-5-2018 |
| 12 | 353/2018 | നമ്പർ 61646/എസ്എസ്എ 2/ 2015/ ആഭ്യന്തരം | 1-6-2018 |
| 13 | 367/2018 | ജി.ഒ.(പി.) നമ്പർ 5/2018/നിയമം. | 5-6-2018 |
| 14 | 339/2018 | ജി.ഒ.(പി.) നമ്പർ 18/2018/ട്രാൻസ്. | 29-5-2018 |
| 15 | 342/2018 | ജി.ഒ.(പി.) നമ്പർ 75/2018/ടാക്സസ്. | 30-5-2018 |
| 16 | 345/2018 | ജി.ഒ.(പി.) നമ്പർ 76/2018/ടാക്സസ്. | 31-5-2018 |
| 17 | 298/2018 | ജി.ഒ. (പി.) നമ്പർ 58/2018/ എച്ച്& എഫ്ഡബ്ല്യു ഡി. | 5-5-2018 |
| 18 | 296/2018 | ജി.ഒ.(പി.) നമ്പർ 38/2018/എൽബിആർ. | 29-4-2018 |
| 19 | 333/2018 | ജി.ഒ.(പി.) നമ്പർ 43/2018/എൽബിആർ. | 22-5-2018 |
| 20 | 364/2018 | ജി.ഒ.(എം.എസ്) നമ്പർ 30/2018/എൽബിആർ. | 25-5-2018 |
| 21 | 369/2018 | ജി.ഒ.(എം.എസ്) നമ്പർ 32/2018/എൽബിആർ. | 2-6-2018 |
| 22 | 348/2018 | ജി.ഒ. (പി.) നമ്പർ 6/2018/ സിഎഡി. | 30-5-2018 |
| 23 | 242/2018 | ജി.ഒ.(പി.) നമ്പർ 37/2017/കോ-ഓപ്. | 2-4-2018 |
| 24 | 268/2018 | ജി.ഒ.(പി.) നമ്പർ 42/2018/കോ-ഓപ്. | 17-4-2018 |
| 25 | 274/2018 | ജി.ഒ.(പി.) നമ്പർ 43/2018/കോ-ഓപ്. | 20-4-2018 |
| 26 | 330/2018 | ജി.ഒ.(പി.) നമ്പർ 55/2018/കോ-ഓപ്. | 10-5-2018 |
| 27 | 331/2018 | ജി.ഒ.(പി.) നമ്പർ 56/2018/കോ-ഓപ്. | 10-5-2018 |
| 28 | 332/2018 | ജി.ഒ.(പി.) നമ്പർ 57/2018/കോ-ഓപ്. | 10-5-2018 |
| 29 | 359/2018 | ജി.ഒ.(പി.) നമ്പർ 46/2018/കോ-ഓപ്. | 23-4-2018 |
| 30 | 360/2018 | ജി.ഒ.(പി.) നമ്പർ 59/2018/കോ-ഓപ്. | 11-5-2018 |
| 31 | 361/2018 | ജി.ഒ.(പി.) നമ്പർ 62/2018/കോ-ഓപ്. | 11-5-2018 |
| 32 | 362/2018 | ജി.ഒ.(പി.) നമ്പർ 63/2018/കോ-ഓപ്. | 11-5-2018 |

| | | | |
|---|---|---|---|
| 33 | 387/2018 | ജി.ഒ.(പി.) നമ്പർ 66/2018/കോ-ഓപ്. | 19-5-2018 |
| 34 | 324/2018 | സ.ഉ.(അച്ചടി) നമ്പർ 39/2018/തസ്വഭവ. | 16-5-2018 |
| 35 | 325/2018 | സ.ഉ.(അച്ചടി) നമ്പർ 40/2018/തസ്വഭവ. | 22-5-2018 |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | 2 | 3 | 4 |
| 1 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2012-2013 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 2 | കേരള സാഹിത്യ അക്കാദമി | 2013-2014 | വാർഷിക റിപ്പോർട്ട് |
| 3 | കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-2016 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും |
| 4 | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2012-2013 മുതൽ 2015-2016 വരെ | ഭരണ ആഡിറ്റ് റിപ്പോർട്ട് |
| 5 | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2012-2013 മുതൽ 2015-2016 വരെ | ഭരണ ആഡിറ്റ് റിപ്പോർട്ട് |
| 6 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും |
| 7 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് & റിസർച്ച് | 2010-2011, 2012-2013 മുതൽ 2015-2016 വരെ | വാർഷിക റിപ്പോർട്ട് |
| 8 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2016-2017 | വാർഷിക റിപ്പോർട്ട് |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-2013 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 10 | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ് | 2013-2014 | വാർഷിക റിപ്പോർട്ടും കണക്കുകളും |

<u>റിപ്പോർട്ട് സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി I-ന്റെ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(3) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(4) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(5) സബ്ജക്ട് കമ്മിറ്റി V-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(6) സബ്ജക്ട് കമ്മിറ്റി V-ന്റെ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(7) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(8) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(9) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(10) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(11) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയൊൻപതു മുതൽ മുപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ.

(12) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്.

<u>നിയമനിർമ്മാണകാര്യം:</u>

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:</u>

I. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. കെ. ശശീന്ദ്രനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. ടി. തോമസും അവതരിപ്പിച്ച് സംസാരിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനു ശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ പാസ്സാക്കുകയും ചെയ്തു.

II. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു. റ്റി. തോമസ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

പ്രസ്തുത ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജന കുറിപ്പ് രേഖപ്പെടുത്തിയ സർവ്വശ്രീ വി. ടി. ബൽറാം, എൻ. എ. നെല്ലിക്കുന്ന്, പി. ടി. തോമസ് എന്നിവർ സംസാരിച്ചു.

പ്രസ്തുത പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. മുഹമ്മദ് മുഹസ്സിൻ പി. ചുമതലപ്പെടുത്തിയ പ്രകാരം ശ്രീമതി ഇ. എസ്. ബിജിമോളും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. അൻവർ സാദത്തും അവതരിപ്പിച്ച് സംസാരിച്ചു.

ജലവിഭവ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

രണ്ടാം വകുപ്പ്

1. In section 37(4) proposed to be inserted in the principal Act by clause 2, after the word "deposit" insert the words "or cause to deposit".

In section 37(4) proposed to be inserted in the principal Act by clause 2, after the word "excreta", the words "or any other waster material" shall be inserted.

നാലാം വകുപ്പ്

3. In section 59 (2) proposed to be substituted in the principal Act by clause 4, for the word "four" substitute the word "five".

III. വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ.എൽദോ എബ്രഹാമും ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. കെ. അബ്ദു റബ്ബും അവതരിപ്പിച്ചു സംസാരിച്ചു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

അഞ്ചാം വകുപ്പ്

1. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22-ന്റെ ഇനം (viii)-ൽ "വിദ്യാർത്ഥി കൗൺസിൽ" എന്ന വാക്കുകൾക്ക് പകരം "സ്റ്റുഡന്റ്സ് കൗൺസിൽ" എന്ന വാക്കുകൾ ചേർക്കുക.

ആറാം വകുപ്പ്

2. ഖണ്ഡം 6(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (xv)-ൽ "സർവ്വകലാശാല" എന്ന വാക്കിനുശേഷം "വിദ്യാർത്ഥി" എന്ന് ചേർക്കുക.

3. ഖണ്ഡം 6(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (ii)-ൽ "തിരഞ്ഞെടുക്കുന്ന" എന്ന വാക്കിനുപകരം "തെരഞ്ഞെടുക്കുന്ന" എന്ന വാക്ക് ചേർക്കുക.

4. ഖണ്ഡം 6(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (ii)-ൽ, "ആളും" എന്ന വാക്കിനുപകരം "വിദ്യാർത്ഥിയും" എന്ന വാക്ക് ചേർക്കുക.

5. ഖണ്ഡം 6(സി) (i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (iv)-ൽ "പബ്ലിക്കേഷൻസോടുകൂടിയതുമായ" എന്നതിനുപകരം "പബ്ലിക്കേഷൻസ് ഉള്ളതുമായ " എന്നത് ചേർക്കുക.

6. ഖണ്ഡം 6(സി) (iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം(vi)-ൽ, അദ്ധ്യാപകരിൽ നിന്നും" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

7. ഖണ്ഡം 6(സി) (iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ, "അല്ലാത്ത" എന്ന വാക്കിനു പകരം "ഇതര" എന്ന വാക്ക് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

8. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)-ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, "തിരഞ്ഞെടുപ്പ്" എന്ന വാക്ക് പ്രയോഗിച്ചിട്ടുള്ളിടത്തെല്ലാം അതിനു പകരം "തെരഞ്ഞെടുപ്പ്" എന്ന വാക്ക് ചേർക്കുക.

9. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)-ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പൂർത്തിയാകുന്നതുവരെ" എന്ന് ചേർക്കുക.

<u>എട്ടാം വകുപ്പ്</u>

10. "നിയന്ത്രണത്തിലുള്ള" എന്ന വാക്ക് വരുന്നിടങ്ങളിലെല്ലാം "നിയന്ത്രിത" എന്ന വാക്ക് പകരം ചേർക്കുക.

11. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം (iii)-ൽ, "നൽകുന്ന" എന്ന വാക്കിനുപകരം "നിർദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

12. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം(iii)-ൽ, "ഒരു" എന്നതിനു പകരം "ഓരോ" എന്നത് ചേർക്കുക.

13. ഖണ്ഡം8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

31(2)-ന്റെ ഇനം (iii)-ൽ, "പ്രിൻസിപ്പാൾ" എന്നതിനുപകരം "പ്രിൻസിപ്പൽ " എന്നത് ചേർക്കുക.

14. ഖണ്ഡം 8(ബി)പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം (iv)-ൽ, " പ്രൊഫസർമാരുടെ" എന്നതിനുപകരം "പ്രൊഫസറുടെ" എന്നു ചേർക്കുക.

15. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം(iv)-ൽ, " നൽകുന്ന " എന്ന വാക്കിനുപകരം "നിർദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

16. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം (iv)-ൽ " പട്ടികവർഗ്ഗങ്ങലിലോപെട്ടവരുടെയോ"എന്ന വാക്കിനുപകരം "പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ടവരുടെയോ" എന്ന് ചേർക്കുക.

17. ഖണ്ഡം 8(സി)-ൽ "ഒരു പ്രഗത്ഭനായ വ്യവസായി"എന്ന വാക്കുകൾക്കുപകരം "പ്രഗത്ഭനായ ബിരുദധാരിയായ ഒരു വ്യവസായി" എന്ന വാക്കുകൾ ചേർക്കുക.

18. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(1)-ൽ, "വീതം" എന്ന വാക്ക് ഒഴിവാക്കുക.

19. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(2)-ൽ, "അധികാരങ്ങളും" എന്ന വാക്കിനുശേഷം "ചുമതലകളും" എന്ന് ചേർക്കുക.

20. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)-ൽ "പ്രശ്നത്തിനും ഉപദേശം നൽകുന്നതിനായി"എന്ന വാക്കുകൾക്കുപകരം "കാര്യത്തിനും ഉപദേശം നൽകുന്നതിനും മേൽനോട്ട ചുമതല വഹിക്കുന്നതിനുമായി" എന്ന വാക്കുകൾ ചേർക്കുക.

21. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)-ൽ, "നിശ്ചിത" എന്ന വാക്കിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്ക് ചേർക്കുക.

22. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി (1)-ൽ, "ആവശ്യമെന്നു കരുതുന്ന ഏതെങ്കിലും കാര്യങ്ങളിൽ" എന്ന വാക്കുകൾ ഒഴിവാക്കുക.

23. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(ബി)(2)(ii)-ൽ, "അഭിലഷണീയമായ മാർഗ്ഗങ്ങളുടെ " എന്ന വാക്കുകൾ ഒഴിവാക്കുക.

24. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(സി) യുടെ മാർജിനൽ ശീർഷകത്തിൽ " വിദ്യാർത്ഥി കൗൺസിൽ" എന്നത് "സ്റ്റുഡന്റ്സ് കൗൺസിൽ"എന്നാക്കി മാറ്റുക.

25. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 സി(1)-ൽ, " വിദ്യാർത്ഥി കൗൺസിൽ" എന്നത് " സ്റ്റുഡന്റ്സ് കൗൺസിൽ" എന്നു മാറ്റുക.

26. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 സി(2)-ൽ, " വിദ്യാർത്ഥി കൗൺസിലിന്റെ" എന്നതിന് പകരം "സ്റ്റുഡന്റ്സ് കൗൺസിലിന്റെ "എന്ന് ചേർക്കുക.

2018 ജൂൺ 25-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.13-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, June 21, 2018*

**No. 136**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Finance and Coir, the Speaker with held consent to the moving of an adjournment motion, given notice of by Shri P. K. Basheer and three other Members regarding the serious situation reported to have arisen due to the decision to carry forward the amount of cheques shifted to treasury queue and expenditure of the spill over works during the end of previous financial year to the expenditure of the current financial year which stalemated the plan works of Local Self Government Institutions.

In protest against the attitude of the Government in the matter, the Members belonging to the opposition except B.J.P. staged a walk out.

*Statement under Rule 300:*

The Chief Minister made a statement under Rule 300 regarding the steps for resolving the problems in plantation sector.

*Calling Attention:*

(1) Shri K. Suresh Kurup called the attention of the Chief Minister to the necessity to establish an Amul model Co-operative production unit for manufacturing rubber based products in Kottayam District to tackle the fall in price of rubber. The Chief Minister made a statement thereto.

KNPP.1337/2018(ii).

(2) Shri K. S. Sabarinadhan called the attention of the Minister for Health and Social Justice to the necessity to take steps to equip the Department of Health to help general public to tackle the increasing cases of depression among people in the State. The Minister made a statement thereto.

*Matters raised under Rule 304 :*

The matters raised by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. സി. ജോസഫ് | കണ്ണൂർ വിമാനത്താവളം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. ഉണ്ണി | കടമ്പഴിപ്പുറം കൊലപാതക കേസിലെ പ്രതികളെ കണ്ടെത്തുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. പി. സജീന്ദ്രൻ | കൊച്ചിൻ റിഫൈനറിയിൽനിന്നുള്ള മലിനീകരണം | മുഖ്യമന്ത്രി |
| 4 | ശ്രീ. എ. എം. ആരിഫ് | മിശ്ര വിവാഹിതരുടെ കുട്ടികൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ഡി. പ്രസേനൻ | തേങ്കുറിശ്ശി 2-ാം വില്ലേജിലെ പട്ടയവിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കയ്പമംഗലം കടൽത്തീരത്ത് താമസിക്കുന്നവരെ മാറ്റി താമസിപ്പിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. മുരളി പെരുനെല്ലി | തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. എം. സ്വരാജ് | സ്കൂൾ ബസുകളുടെയും കുട്ടികളെ കൊണ്ടുപോകുന്ന മറ്റു വാഹനങ്ങളുടെയും ഫിറ്റ്നസ് പരിശോധന | ഗതാഗത വകുപ്പുമന്ത്രി |
| 9 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പുല്ലുവഴിയിൽ കെ. എസ്. ആർ. ടി. സി. ദീർഘദൂര ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | കളമശ്ശേരിയിലെ ബിനാനി സിങ്ക് ലിമിറ്റഡ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 11 | ശ്രീ. ഷാഫി പറമ്പിൽ | കാട്ടാനയുടെ ആക്രമണം മൂലമുള്ള മരണം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table:*

The following papers were laid on the table:

i. The papers as per Rule 166(1):

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 316/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1476/2018/ഹോം. | 23-5-2018 |
| 2 | 334/2018 | നമ്പർ 133/സി3/2018-I/വിജ്. | 23-5-2018 |
| 3 | 335/2018 | നമ്പർ 133/സി3/2018-II /വിജ്. | 23-5-2018 |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 336/2018 | നമ്പർ 133/സി3/2018-III/വിജ്. | 23-5-2018 |
| 5 | 337/2018 | നമ്പർ 133/സി3/2018-IV/വിജ്. | 23-5-2018 |
| 6 | 338/2018 | ജി.ഒ.(ആർറ്റി.)നമ്പർ 1357/2018/ഹോം. | 10-5-2018 |
| 7 | 340/2018 | ജി.ഒ.(പി.) നമ്പർ 10/2018/പി&എആർഡി. | 29-5-2018 |
| 8 | 343/2018 | നമ്പർ ഹോം-എസ്എസ്എ 4/112/2018- ഹോം. | 30-5-2018 |
| 9 | 344/2018 | ജി.ഒ.(എംഎസ്.) നമ്പർ 92/2018/ഹോം. | 28-5-2018 |
| 10 | 346/2018 | നമ്പർ ഹോം-എസ്എസ്എ 1/138/2018- ഹോം. | 31-5-2018 |
| 11 | 347/2018 | നമ്പർ ഹോം-എസ്എസ്എ 1/141/2018- ഹോം. | 31-5-2018 |
| 12 | 353/2018 | നമ്പർ 61646/എസ്എസ്എ 2/ 2015/ ആഭ്യന്തരം | 1-6-2018 |
| 13 | 367/2018 | ജി.ഒ.(പി.) നമ്പർ 5/2018/നിയമം. | 5-6-2018 |
| 14 | 339/2018 | ജി.ഒ.(പി.) നമ്പർ 18/2018/ട്രാൻസ്. | 29-5-2018 |
| 15 | 342/2018 | ജി.ഒ.(പി.) നമ്പർ 75/2018/ടാക്സസ്. | 30-5-2018 |
| 16 | 345/2018 | ജി.ഒ.(പി.) നമ്പർ 76/2018/ടാക്സസ്. | 31-5-2018 |
| 17 | 298/2018 | ജി.ഒ. (പി.) നമ്പർ 58/2018/ എച്ച്& എഫ്ഡബ്ല്യു ഡി. | 5-5-2018 |
| 18 | 296/2018 | ജി.ഒ.(പി.) നമ്പർ 38/2018/എൽബിആർ. | 29-4-2018 |
| 19 | 333/2018 | ജി.ഒ.(പി.) നമ്പർ 43/2018/എൽബിആർ. | 22-5-2018 |
| 20 | 364/2018 | ജി.ഒ.(എം.എസ്) നമ്പർ 30/2018/എൽബിആർ. | 25-5-2018 |
| 21 | 369/2018 | ജി.ഒ.(എം.എസ്)നമ്പർ 32/2018/എൽബിആർ. | 2-6-2018 |
| 22 | 348/2018 | ജി.ഒ. (പി.) നമ്പർ 6/2018/ സിഎഡി. | 30-5-2018 |
| 23 | 242/2018 | ജി.ഒ.(പി.) നമ്പർ 37/2017/കോ-ഓപ്. | 2-4-2018 |
| 24 | 268/2018 | ജി.ഒ.(പി.) നമ്പർ 42/2018/കോ-ഓപ്. | 17-4-2018 |
| 25 | 274/2018 | ജി.ഒ.(പി.) നമ്പർ 43/2018/കോ-ഓപ്. | 20-4-2018 |
| 26 | 330/2018 | ജി.ഒ.(പി.)നമ്പർ 55/2018/കോ-ഓപ്. | 10-5-2018 |
| 27 | 331/2018 | ജി.ഒ.(പി.) നമ്പർ 56/2018/കോ-ഓപ്. | 10-5-2018 |
| 28 | 332/2018 | ജി.ഒ.(പി.) നമ്പർ 57/2018/കോ-ഓപ്. | 10-5-2018 |

| 1 | 2 | 3 | 4 |
|---|---|---|---|
| 29 | 359/2018 | ജി.ഒ.(പി.) നമ്പർ 46/2018/കോ-ഓപ്. | 23-4-2018 |
| 30 | 360/2018 | ജി.ഒ.(പി.) നമ്പർ 59/2018/കോ-ഓപ്. | 11-5-2018 |
| 31 | 361/2018 | ജി.ഒ.(പി.) നമ്പർ 62/2018/കോ-ഓപ്. | 11-5-2018 |
| 32 | 362/2018 | ജി.ഒ.(പി.) നമ്പർ 63/2018/കോ-ഓപ്. | 11-5-2018 |
| 33 | 387/2018 | ജി.ഒ.(പി.) നമ്പർ 66/2018/കോ-ഓപ്. | 19-5-2018 |
| 34 | 324/2018 | സ.ഉ.(അ 4 ച്ചടി) നമ്പർ 39/2018/ തസ്വഭവ. | 16-5-2018 |
| 35 | 325/2018 | സ.ഉ.(അച്ചടി) നമ്പർ 40/2018/ തസ്വഭവ. | 22-5-2018 |

ii. Reports of various institutions:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | 2 | 3 | 4 |
| 1 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2012-2013 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 2 | കേരള സാഹിത്യ അക്കാദമി | 2013-2014 | വാർഷിക റിപ്പോർട്ട് |
| 3 | കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-2016 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും |
| 4 | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2012-2013 മുതൽ 2015-2016 വരെ | ഭരണ ആഡിറ്റ് റിപ്പോർട്ട് |
| 5 | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2012-2013 മുതൽ 2015-2016 വരെ | ഭരണ ആഡിറ്റ് റിപ്പോർട്ട് |
| 6 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് & റിസർച്ച് | 2010-2011, 2012-2013 മുതൽ 2015-2016 വരെ | വാർഷിക റിപ്പോർട്ട് |
| 8 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2016-2017 | വാർഷിക റിപ്പോർട്ട് |
| 9 | കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-2013 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 10 | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ് | 2013-2014 | വാർഷിക റിപ്പോർട്ടും കണക്കുകളും |

*Presentation of Reports:*

The following Reports were presented:

(1) The Report of the Subject Committee-I on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-2018.

(2) The Periodical Report of Subject Committee-I as on 31st March 2018.

(3) The Report of the Subject Committee-IV on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-2018.

(4) The Periodical Report of the Subject Committee-IV as on 31st March 2018.

(5) The Report of the Subject Committee-V on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-2018.

(6) The Periodical Report of the Subject Committee-V as on 31st March 2018.

(7) The Report of the Subject Committee-VII on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-2018.

(8) The Periodical Report of the Subject Committee-VII as on 31st March 2018.

(9) The Report of the Subject Committee-XIII on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-2018.

(10) The Periodical Report of the Subject Committee-XIII as on 31st March 2018.

(11) The Twenty Ninth to Thirty First Reports of the Committee on Public Accounts.

(12) The Fourteenth Report of the Committee on Environment.

*Legislative Business:*

I. Motion for consideration and further stages of the following Bills as reported by the Subject Committee:

(I) Shri A. K. Balan, Minister for Welfare of Scheduled Catses, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs moved the motion that The Kerala High Court (Amendment) Bill, 2018 as reported by the Subject Committee be taken up for consideration.

Shri C. K. Saseendran moved an amendment to circulate the Kerala High Court (Amendment) Bill, 2018 as reported by the Subject Committee for obtaining public opinion and Shri P. T. Thomas moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs the amendments moved were withdrawn by the leave of the House. Then the motion was adopted and the bill was taken up for clause by clause consideration and passed without any amendments.

(II) Shri Mathew T. Thomas, Minister for Water Resources moved the motion that The Kerala Irrigation and Water Conservation (Amendment) Bill, 2018 as reported by the Subject Committee be taken up for consideration.

Shri V. T. Balram, Shri N. A. Nellikkunnu and Shri P. T. Thomas who had recorded their notes of dissent to the report of the Subject Committee on the Bill also spoke.

Smt. E. S. Bijimol as authorised by Shri Muhammed Muhassin P. moved an amendment to circulate The Kerala Irrigation and Water Conservation (Amendment) Bill, 2018 as reported by the Subject Committee for obtaining public opinion and Shri Anwar Sadath moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Water Resources, the amendments moved were withdrawn by the leave of the House. Then the motion was adopted and the bill was taken up for clause by clause consideration and passed with the following amendments:

*Clause 2*

1. In section 37(4) proposed to be inserted in the principal Act by clause 2, after the word "deposit" insert the words "or cause to deposit".

2. In section 37(4) proposed to be inserted in the principal Act by clause 2, after the word "excreta", the words "or any other waste material" shall be inserted.

*Clause 4*

3. In section 59 (2) proposed to be substituted in the principal Act by clause 4, for the word "four" substitute the word "five".

(III) Prof. C. Raveendranath, Minister for Education moved the motion that The A. P. J. Abdul Kalam Technological University (Amendment) Bill, 2018 as reported by the Subject Committee be taken up for consideration.

Shri Eldho Abraham moved an amendment to circulate The A. P. J. Abdul Kalam Technological University (Amendment) Bill, 2018 as reported by the Subject Committee for obtaining public opinion and Shri P. K. Abdu Rabb moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Education the amendments moved were withdrawn by the leave of the House. Then the motion was adopted and the bill was taken up for clause by clause consideration and passed with the following amendments.

*Clause 5*

1. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22-ന്റെ ഇനം (viii)-ൽ "വിദ്യാർത്ഥി കൗൺസിൽ" എന്ന വാക്കുകൾക്ക് പകരം "സ്റ്റുഡന്റ്സ് കൗൺസിൽ" എന്ന വാക്കുകൾ ചേർക്കുക.

*Clause 6*

2. ഖണ്ഡം 6(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (xv)-ൽ "സർവ്വകലാശാല" എന്ന വാക്കിനുശേഷം "വിദ്യാർത്ഥി" എന്നു ചേർക്കുക.

3. ഖണ്ഡം 6(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (ii)-ൽ "തിരഞ്ഞെടുക്കുന്ന" എന്ന വാക്കിനു പകരം "തെരഞ്ഞെടുക്കുന്ന" എന്ന വാക്ക് ചേർക്കുക.

4. ഖണ്ഡം 6(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (ii)-ൽ, "ആളും" എന്ന വാക്കിനു പകരം " വിദ്യാർത്ഥിയും" എന്ന വാക്ക് ചേർക്കുക.

5. ഖണ്ഡം 6(സി) (i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (iv)-ൽ "പബ്ലിക്കേഷൻസോടുകൂടിയതുമായ" എന്നതിനു പകരം "പബ്ലിക്കേഷനുള്ളതുമായ " എന്നത് ചേർക്കുക.

6. ഖണ്ഡം 6(സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം(vi)-ൽ, അദ്ധ്യാപകരിൽ നിന്നും" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

7. ഖണ്ഡം 6(സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ, "അല്ലാത്ത" എന്ന വാക്കിനു പകരം "ഇതര" എന്ന വാക്ക് ചേർക്കുക.

*Clause 7*

8. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)-ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, "തിരഞ്ഞെടുപ്പ്" എന്ന വാക്ക് പ്രയോഗിച്ചിട്ടുള്ളിടത്തെല്ലാം അതിനു പകരം "തെരഞ്ഞെടുപ്പ്" എന്ന വാക്ക് ചേർക്കുക.

9. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)-ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പൂർത്തിയാകുന്നതുവരെ" എന്ന് ചേർക്കുക.

*Clause 8*

10. "നിയന്ത്രണത്തിലുള്ള" എന്ന വാക്ക് വരുന്നിടങ്ങളിലെല്ലാം "നിയന്ത്രിത" എന്ന വാക്ക് പകരം ചേർക്കുക.

11. ഖണ്ഡം 8 (എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം (iii)-ൽ, "നൽകുന്ന" എന്ന വാക്കിനു പകരം " നിർദ്ദേശിക്കുന്ന" എന്ന് വാക്ക് ചേർക്കുക.

12. ഖണ്ഡം 8 (എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം(iii)-ൽ, "ഒരു" എന്നതിനു പകരം "ഓരോ" എന്നത് ചേർക്കുക.

13. ഖണ്ഡം8(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം (iii)-ൽ, "പ്രിൻസിപ്പാൾ" എന്നതിനുപകരം "പ്രിൻസിപ്പൽ " എന്നത് ചേർക്കുക.

14. ഖണ്ഡം 8(ബി)പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്31(2)-ന്റെ ഇനം (iv)-ൽ, " പ്രൊഫസർമാരുടെ" എന്നതിനു പകരം "പ്രൊഫസറുടെ " എന്നു ചേർക്കുക.

15. ഖണ്ഡം8(ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം(iv)-ൽ, "നൽകുന്ന " എന്ന വാക്കിനു പകരം "നിർദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

16. ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)-ന്റെ ഇനം (iv)-ൽ, "പട്ടികവർഗ്ഗങ്ങളിലോപെട്ടവരുടെയോ" എന്ന വാക്കിനു പകരം "പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ടവരുടെയോ" എന്ന് ചേർക്കുക.

17. ഖണ്ഡം 8·(സി)-ൽ "ഒരു പ്രഗത്ഭനായ വ്യവസായി" എന്ന വാക്കുകൾക്കു പകരം "പ്രഗത്ഭനായ ബിരുദധാരിയായ ഒരു വ്യവസായി" എന്ന വാക്കുകൾ ചേർക്കുക.

18. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(1)-ൽ, "വീതം" എന്ന വാക്ക് ഒഴിവാക്കുക.

19. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(2)-ൽ, "അധികാരങ്ങളും" എന്ന വാക്കിനു ശേഷം "ചുമതലകളും" എന്ന് ചേർക്കുക.

20. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)-ൽ, "പ്രശ്നത്തിനും ഉപദേശം നൽകുന്നതിനായി"എന്ന വാക്കുകൾക്കു പകരം "കാര്യത്തിനും ഉപദേശം നൽകുന്നതിനും മേൽനോട്ട ചുമതല വഹിക്കുന്നതിനുമായി" എന്ന വാക്കുകൾ ചേർക്കുക.

21. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)-ൽ, "നിശ്ചിത" എന്ന വാക്കിനു പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്ക് ചേർക്കുക.

22. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി (1)-ൽ, "ആവശ്യമെന്നു കരുതുന്ന ഏതെങ്കിലും കാര്യങ്ങളിൽ" എന്ന വാക്കുകൾ ഒഴിവാക്കുക.

23. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(ബി)(2)(ii)-ൽ, "അഭിലഷണീയമായ മാർഗ്ഗങ്ങളുടെ " എന്ന വാക്കുകൾ ഒഴിവാക്കുക.

24. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(സി) യുടെ മാർജിനൽ ശീർഷകത്തിൽ "വിദ്യാർത്ഥി കൗൺസിൽ" എന്നത് "സ്റ്റുഡന്റ്സ് കൗൺസിൽ" എന്നാക്കി മാറ്റുക.

25. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 സി(1)-ൽ, " വിദ്യാർത്ഥി കൗൺസിൽ" എന്നത് " സ്റ്റുഡന്റ്സ് കൗൺസിൽ" എന്നു മാറ്റുക.

26. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 സി(2)-ൽ, "വിദ്യാർത്ഥി കൗൺസിലിന്റെ" എന്നതിന് പകരം "സ്റ്റുഡന്റ്സ് കൗൺസിലിന്റെ "എന്ന് ചേർക്കുക.

The House adjourned at 6.13 p.m. to meet again at 8.30 a.m. on Monday, June 25, 2018.

V. K. BABU PRAKASH,
*Secretary*.